# കേരളസർവകലാശാല

നം.പി.ആർ.193/2022

## പത്രക്കുറിപ്പ്

### പരീക്ഷ പുന:ക്രമീകരിച്ചു

കേരളസർവകലാശാല 2022 സെപ്റ്റംബർ 16ന് നടത്താനിരുന്ന ബി.എ/ ബി.എ അഫ്സൽ ഉൽ ഉലാമ/ ബി.കോം ആനുവൽ സ്കീം ഡിഗ്രി പാർട്ട് 1, പാർട്ട് 2 പരീക്ഷകൾ ഒക്ടോബർ 1 ലേക്ക് പുന:ക്രമീകരിച്ചിരിക്കുന്നു.

### ഒന്നാം വർഷ ബി.എഡ് പ്രവേശനം 2022 സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാല ഒന്നാംവർഷ ബി.എഡ് പ്രവേശനത്തിനായുള്ള സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥിയുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുക. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് സപ്ലിമെന്ററി അലോട്ട്മെന്റ് ഓപ്ഷൻ നൽകിയവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിതതീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതതു കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്.

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് സപ്ലിമെന്ററി അലോട്ട്മെന്റ് ഓപ്ഷൻ നൽകിയവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ, നിലവിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അവർക്ക്, മുൻപ് എടുത്ത ഓപ്ഷനിൽ തുടരാൻ സാധിക്കുന്നതല്ല. മെമ്മോയിൽ കൊടുത്തിരിക്കുന്ന തീയതിയിൽ തന്നെ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതും അലോട്ട്മെന്റ് നടപടിയിൽ നിന്നും പുറത്താകുന്നതുമാണെന്ന കാര്യം ശ്രദ്ധിക്കുക.

പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും **Permanent Admission** എടുക്കേണ്ടതാണ്. എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ (**including T.C.**) കോളേജിൽ സമർപ്പിക്കേണ്ടതാണ്. **Permanent** അഡ്മിഷൻ എടുക്കുന്നതിന് വിദ്യാർത്ഥികൾ നേരിട്ട് കോളേജിൽ ഹാജരാകേണ്ടതാണ് എന്ന കാര്യം ശ്രദ്ധിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: **https://admissions.keralauniversity.ac.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക

## കേരളസർവകലാശാല വിദൂരവിദ്യാഭ്യാസം: ഒൻപത് പ്രോഗ്രാമുകളുടെ അഡ്മിഷൻ ആരംഭിക്കുന്നു...

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ 2022–2023 അദ്ധ്യയന വർഷം ഒൻപത് ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾക്കുള്ള അഡ്മിഷൻ ആരംഭിക്കുന്നു. പൊളിറ്റിക്കൽ സയൻസ്, ലൈബ്രറി സയൻസ് എന്നീ ബിരുദ പ്രോഗ്രാമുകൾക്കും, ഹിന്ദി, പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഇക്കണോമിക്സ്, ലൈബ്രറി സയൻസ്, കംപ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ് എന്നീ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കുമാണ് അഡ്മിഷൻ നടക്കുന്നത്. യു.ജി.സി–ഡിസ്റ്റൻസ് എഡ്യുക്കേഷൻ ബ്യൂറോയുടെ അംഗീകാരമുള്ള ഈ പ്രോഗ്രാമുകളിലൂടെ നേടുന്ന ബിരുദ ബിരുദാനന്തര ബിരുദങ്ങൾ കേരളസർവകലാശാലയുടെ റെഗുലർ പഠന പ്രോഗ്രാമുകൾക്ക് സമാനവും ഈ പഠന രീതിയിലൂടെയുള്ളബിരുദ ബിരുദാനന്തര ബിരുദങ്ങൾ ഉന്നത പഠനത്തിനും ഉദ്യോഗത്തിനും അംഗീകാരമുള്ളതുമാണ്. ഈ പ്രോഗ്രാമുകളിലേയ്ക്കുള്ള അപേക്ഷ സെപ്റ്റംബർ 15 മുതൽഒക്ടോബർ 31 വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ ശരിപകർപ്പും അസ്സൽ സർട്ടിഫിക്കറ്റുകളും കാര്യവട്ടത്തെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ നവംബർ 5 വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ തപാൽ മാർഗ്ഗമോഎത്തിക്കേതാണ്.ഓൺലൈനായി അപേക്ഷിക്കുന്നതിനും മറ്റുവിവരങ്ങൾക്കും **www.ideku.net** സന്ദർശിക്കുക.

## എം.എസ്.ഡബ്ല്യു, എം.എസ്.ഡബ്ല്യു (ഡിസാസ്റ്റർ മാനേജ്മെൻറ്), എം.എ.എച്.ആർ.എം പ്രവേശന പരീക്ഷ

കേരളസർവകലാശാലയുടെ വിവിധ അഫിലിയേറ്റഡ് കോളേജുകളിലെ 2022–23 വർഷത്തെ എം.എസ്.ഡബ്ല്യു, എം.എസ്.ഡബ്ല്യു (ഡിസാസ്റ്റർ മാനേജ്മെൻറ്), എം.എ.എച്.ആർ.എം എന്നീ കോഴ്സുകളിലേക്കുള്ള അഡ്മിഷന് വേണ്ടിയുള്ള പ്രവേശന പരീക്ഷ സെപ്റ്റംബർ 18ന് യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ് കാര്യവട്ടം ക്യാമ്പസിൽ വച്ച് നടത്തുന്നു. ഹാൾടിക്കറ്റ് **(www.admissions.keralauniversity.ac.in)** വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്യാവുന്നതാണ്

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 ജൂൺ മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി സുവോളജി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2022 സെപ്റ്റംബർ 22 മുതൽ 30 വരെ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

## പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല 2010 അഡ്മിഷൻ മുതലുള്ള എം.ടെക് (ഫുൾ ടൈം/ പാർട്ട് ടൈം) 2008 സ്കീം & 2013 സ്കീം എല്ലാ സെമസ്റ്ററുകളുടെയും പരീക്ഷ (മേഴ്സി) രജിസ്ട്രേഷൻ ആരംഭിച്ചു. പരീക്ഷയ്ക്ക് പിഴ കൂടാതെ 2022 സെപ്റ്റംബർ 28 വരെയും 150 രൂപ പിഴിയോടുകൂടി 22 ഒക്ടോബർ 1 വരെയും 400 രൂപ പിഴയോടുകൂടി ഒക്ടോബർ 6 വരെയും ഓഫ് ലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല ബി.ടെക് പാർട്ടൈം റീസ്ട്രക്ച്ചേർഡ് ഒന്നാം സെമസ്റ്റർ, മൂന്നാം സെമസ്റ്റർ, അഞ്ചാം സെമസ്റ്റർ (2013 സ്കീം) പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു പരീക്ഷയ്ക്ക് പിഴ കൂടാതെ സെപ്റ്റംബർ 22 വരെയും 150 രൂപ പിഴയോടുകൂടി സെപ്റ്റംബർ 26 വരെയും 400 രൂപ പിഴയോടുകൂടി സെപ്റ്റംബർ 28 വരെയും അപേക്ഷിക്കുന്നതാണ് വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക് സപ്ലിമെൻററി (2013 സ്കീം) സെഷനൽ ഇംപ്രൂവ്മെന്റ് (2008 സ്കീം & 2013 സ്കീം) ജൂലൈ 2022 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

## നാഷണൽ സെമിനാർ

കേരളസർവകലാശാല ഗവേഷക യൂണിയൻ, **IQAC** യുമായി സംയുക്ത ആഭിമുഖ്യത്തിൽ **Interdisciplinary Research and Academic Conference**, 2022 (**IRAC**2022) എന്ന പേരിൽ ഒരു നാഷണൽ സെമിനാർ ഒക്ടോബർ 11,12,13 തീയതികളിലായി നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഇതിലേക്കായി സയൻസ്, ആർട്സ്, സോഷ്യൽ സയൻസ്, കോമേഴ്സ് മേഖലകളിൽ നിന്നും ഗവേഷണ പ്രബന്ധങ്ങൾ ക്ഷണിക്കുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 20/09/2022. വിശദ വിവരങ്ങൾക്കായി 7012871308 എന്ന നമ്പറിലോ **iracku2022@gmail.Com** എന്ന മെയിൽ ഐഡി യിലോ ബന്ധപെടുക

## പി.എച്ച് ഡി നൽകി

സുനിത.എസ് (കെമിസ്ട്രി), സുജിത്ത് വി.ജി (സുവോളജി), സ്മൃതി രാജ് (അക്വാട്ടിക് ബയോളജി), മിനി. ബി (ഹിന്ദി), ഫ്രാങ്ക്ലിൻ ബി വർഗീസ്, രാഗി.ജി (മലയാളം) എന്നിവർക്ക് 13.9.2022 ചേർന്ന സിൻഡിക്കേറ്റ് യോഗം പി.എച്ച് ഡി നൽകി.

## പ്രാക്ടിക്കൽ, വൈവ

കേരളസർവകലാശാല 2022 ജൂൺമാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ് സി കെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷയും വൈവയും സെപ്റ്റംബർ 23 മുതൽ ഒക്ടോബർ 10 വരെ നടത്തുന്നതാണ് വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം,
14.09.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**